# SGHS Kulathuvayal

# വിദ്യാലയത്തിൽ വിരിയുന്ന പൂക്കൾ



# ആശംസ

## ഹെഡ്മിസ്ട്രസ് ഷാന്റി പി സെബാസ്റ്റ്യന്

കുളത്തുവയൽ സെന്റ് ജോർജ്സ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ അക്ഷരച്ചെപ്പ് എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.സർഗ്ഗാത്മക രചനകൾ,ചിത്രങ്ങൾ,കവിതകൾ ഇവ ഉൾപ്പെടുത്തിയ മാഗസിൻ രചന,ഡി.റ്റി.പി. എന്നിവ വളരെ ശ്രദ്ധേയമായിട്ടുണ്ട് .ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്കും അവയ്ക്ക് നേതൃത്വം നൽകുന്ന അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

ഹെഡ്മിസ്ട്രസ്

# ആശംസ

വിവരസാങ്കേതികവിദ്യയുടെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തി ക്കൊണ്ട് കുളത്തുവയൽ സെൻ്റ് ജോർജ്സ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

സോബി അബ്രാഹം, ബെറ്റ്സി മേരി

കൈറ്റ് മിസ്ട്രസസ്

## ഉള്ളടക്കം

ഓർമയ്ക്ക് താലോലിക്കുവാൻ....5

മാതൃഭാഷയുടെ മഹത്വം....8

മലയാളനാടേ ജയിച്ചാലും....10

കേരളം നവോത്ഥാനപാതയിൽ....12

പുസ്തകങ്ങൾ....14

പരിസ്ഥിതി സംരക്ഷണവും ആധുനിക ജീവിതവും....16

മഴനൂലുകൾ....19

മഴത്തുള്ളി....21

രവീന്ദ്രനാഥ ടാഗോർ....23

കുഞ്ച്ചൻ നമ്പ്യാരും മലയാളവും....25

ലഹരി....28

അമ്മ ദിനം....30

An unfortunate toiler....34

പച്ചയെ സ്നേഹിച്ച ബഷീർ....37

ചിത്രങ്ങള്....40

# ഓർമയ്ക്ക് താലോലിക്കുവാൻ

എന്നുമെൻ  ഓർമ്മയ്ക്കു  താലോലിക്കുവാൻ
ഒരു ചിത്രമുണ്ടതാണെന്റെ  ബാല്യം
ഒരു മയിൽ  പീലിയും ഒരുപിടി വളപ്പൊട്ടും
കൊണ്ടു മെനഞ്ഞതാണെന്റെ ബാല്യം

ബാല്യത്തിലെന്നോ എന്റെ മനസ്സിന്റെ താളു
കളെ  തഴുകിയിലാഴ്ത്തിയ എൻ പീലിയും
നിധിപോലെയാണെന്നു ഞാൻ സൂക്ഷിച്ചു
വച്ചൊരാ സൗഹൃദമാർന്ന വളപ്പൊട്ടുകളും

## ഇന്നലെകളുടെ മടിത്തട്ടിൽ തലചായ്ച്ചുറങ്ങുന്ന

എന്നുടെ ഒരു ഓർമചിത്രം മാത്രം
ആ മയിൽപ്പീലിയും വളപ്പൊട്ടുകളും ....
ഇന്നെനിക്കേറെ ദൂരെയാണ് .....

ഓർമ്മതൻ താരാട്ടുകേട്ടുറങ്ങുന്ന
ഒരു ചിത്രമാണെന്ന് ബാല്യമിന്ന്
എവിടെയിന്നെനിക്കെന്റെ ബാല്യം .....
എവിടെയാണാ മയിൽപീലിയും .....

വളപ്പൊട്ടുകളും .....
നോക്കെത്താ ദൂരത്ത് ഓടിയൊളിച്ചോരാ
ബാല്യമിന്നെനിക്കൊരു കനവു മാത്രം .....
മാഞ്ഞുപോയാ പച്ചപ്പിനോപ്പം .

മാഞ്ഞുപോയി എൻ ബാല്യചിത്രവും .....
ബാല്യത്തിൻ നഷ്ടബോധാഗ്നിയിൽ
ഒരുകിത്തീരുകാണ് ഞാനിന്ന്
മയിൽപ്പീലി കണ്ണും : വളപ്പൊട്ടിൻ വർണവും

മറയാതെ മറയുമാ ചിത്രമാണ്
മനസ്സിന്റെ താളുകളിലെന്നോ
ഞാൻ കോറിയ –
കവിതയാണിന്നെനിക്കെന്റെ ബാല്യം

പെയ്തൊഴിഞ്ഞ കാർമേഘശിഖരംപോൽ
മനസ്സിൽ ഒഴിയാതെ നില്കുകയാ –
ണെന്റെ ബാല്യം
മോഡേണിസത്തിന്റെ ജയിലറയിലാ –

ണിന്ന് ഞാൻ അവിടെ,
ബാല്യമെനിക്കൊരന്യനാണ്
എന്നുടെ മയിൽപ്പീലിയെ , വളപ്പൊട്ടിനെ
പണയപ്പെടുത്തി ഞാൻ ആ ജയിലിൽ

# മാതൃഭാഷയുടെ മഹത്വം

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ"

മഹാകവി വള്ളത്തോളിന്റെ ഈ വരികൾ മാതൃഭാഷയുടെ പ്രാധാന്യം വരച്ചു കാട്ടുന്നവയാണ്.ആംഗലേയത്വത്തിന്റെ അധ്യത്വത്തിന് പിന്നാലെ കുതിച്ചുകൊണ്ടിരിക്കുന്ന മലയാള നാടിനെ സംബന്ധിച്ചിടത്തോളം ഈ വരികൾ പ്രസക്തമാവുകയാണ്

ഭാഷ ഒരു ആശയവിനിമയോപാധിയാണ് . ഓരോ മനുഷ്യനും അവന്റെ ആശയങ്ങൾ വെളിപ്പെടുത്താനും ചിന്തയുടെ ലോകത്തുനിന്നും അതിനെ പുറത്തുകൊണ്ടുവരുവാനും ഭാഷ കൂടിയേതീരൂ. ഒരുവൻ അവന് സ്വതസിദ്ധാമായ ശൈലിയിൽ സംസാരിക്കുന്നതും ആശയവിനിമയം നടത്തുന്നതും ഏറെക്കുറെ സ്വന്തം ഭാഷയിലാണ്.മറ്റേതൊരു ഭാഷയിലൂടെ ചടുലമായി പ്രസംഗിച്ചാലും ആശയവിനിമയം നടത്തിയാലും ശരിക്കും അത് രണ്ടാംസ്ഥാനത്തു മാത്രമേ എത്തുകയുള്ളൂ. കാരണം ഏതൊരു ഭാഷയുടെയും അർത്ഥം നാം ആഗ്രഹിക്കുന്നത് നമ്മുടെ ഭാഷയിലൂടെ അതിനെ പരിവർത്തനപ്പെടുത്തിയാണ്.ഒരു ഇംഗ്ലീഷുകാരൻ ഇംഗ്ലീഷിൽ ചിന്തിക്കുമ്പോൾ ഒരു മലയാളി ചിന്തിക്കുന്നത് അവരുടെ സ്വന്തം ഭാഷയിൽ ആണ് .ആംഗലേയഭാഷയെ ലോകത്തെമ്പാടുമുള്ള ജനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ചങ്ങലയായി കണക്കാക്കിയിരിക്കുന്നത് നിഷേധിക്കാനാവാത്ത സത്യമാണ് .എന്നാൽ ആ ഭാഷ തന്നെ ലോകത്തിൻറെ വിവിധ ഭാഗത്ത് ഉള്ളവർ വ്യത്യസ്തരീതിയിൽ കൈകാര്യം ചെയ്യുന്നു എന്നതും ശ്രദ്ധിക്കേണ്ട

കാര്യമാണ്. തികച്ചും സ്വാഭാവികമായിത്തന്നെ ഒരു ഭാഷയിലൂടെ സ്വാധീനം പതിയുന്നു എന്നുള്ളതിന് വ്യക്തമായ തെളിവാണിത് .

വിദ്യാഭ്യാസത്തിൻറെ ശരിയായ ലക്ഷ്യം പൂർത്തീകരിക്കുവാൻ മാതൃഭാഷയുടെ സാന്നിധ്യം കൂടിയേതീരൂ. കാരണം പഠനം എന്നത് ഉപരിപ്ലവ മായി എന്തെങ്കിലും ഉള്ളിലേക്ക് തത്ത പറയുന്നതുപോൽ കേട്ടു മനസ്സിലാക്കേണ്ടുന്ന പ്രക്രിയ അല്ല. മാതൃഭാഷ ഒരു സമുദ്രം ആയി മാറട്ടെ. മറ്റുള്ളവരൊക്കെ അതിലേക്ക് ഒഴുകി ലയിക്കുന്ന മഹാനദികളും......

## മലയാളനാടേ ജയിച്ചാലും

മലയാളനാടെ നിൻ മാറിലോരോ

മലർമാല ചാർത്തുന്നു മഞ്ജിമകൾ

വിജയിക്കു ഞങ്ങൾ പിറന്ന നാടേ

വിമലശ്രീ നിത്യം പുലർന്ന വീടേ

കരൾ കാക്കും നിൻ കളിർതോപ്പിലെത്ര

കവി കോകിലങ്ങൾ പറന്നുപാടി

അവിരളോന്മാദം തരുന്നു ഞങ്ങൾക്കവർ

പെയ്ത കാകളിതേന്മഴകൾ

പരശ്ശതം  വർഷങ്ങൾക്കപ്പുറത്താ പരിചേലും

തുഞ്ചൻ പറമ്പിലെങ്ങോ.

ഒരു തൈമരത്തിൽ തളിർത്തു കൊമ്പത്തൊരു

പച്ചത്തത്തമ്മ കുട്ടകുട്ടി

അഖിലവേദാന്ത പുരാണതത്ത്വ

മവളാത്ത മൊദമെടുത്തുപാടി

അഴകുറ്റ ഗാനമേ , നിന്റെ മുമ്പിൽ

തൊഴുകൈപൂമൊട്ടുമായ്  നില്പു ഞങ്ങൾ

# കേരളം നവോത്ഥാനപാതയിൽ

കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ നിർണായകമായ വഴിത്തിരിവുകളായിട്ടുള്ള ചില ചരിത്ര സംഭവങ്ങളുണ്ട് .ആ കൂട്ടത്തിൽ സുപ്രധാനമായ ഒന്നാണ് 1936 നവംബർ 12 ന് തിരുവിതാംകൂർ സർക്കാർ പ്രഖ്യാപിച്ച ക്ഷേത്ര പ്രവേശന വിളംബരം.

ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82- മത്തെ വാർഷികം ആചരിക്കുന്ന ഘട്ടമാണ് തിരുവിതാംകൂറിലെ രാജാവായിരുന്ന ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമയാണ് ഈ വിളംബരം പുറപ്പെടുവിച്ചത് . രാജ്യമാകെ ശ്രദ്ധിച്ച തിരുവിതാംകൂറിലെ ഭരണ പരിഷ്കാരങ്ങളിൽ ഒന്നായിരുന്നു. കേരള സമൂഹത്തിൽ


രൂപപ്പെടുന്ന നവോത്ഥാന ആശയങ്ങൾ മുന്നോട്ടുവച്ച സമരങ്ങളുടെ ഭാഗമായികൂടിയാണ് ഇത്തരം ഒരു വിളംബരം ഉണ്ടായത്.

ശ്രീ നാരായണ ഗുരുവിനെ പോലുള്ള അനേകം നവോത്ഥാന നായകരുടെ സമർപ്പിത ജീവിതം ജനാധിപത്യപരമായ സ്വപ്നങ്ങൾക്ക് കേരളത്തിൽ തുടക്കം കുറിച്ചു.ദേശീയ പ്രസ്ഥാനം ശക്തി പ്രാപിച്ചതോടെ സാമ്രാജ്യത്വത്തിനെതിരായ സമരത്തിനോടൊപ്പം നവോത്ഥാനപരമായ മുദ്രാവാക്യങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള പ്രക്ഷോഭങ്ങൾ ഉയർന്നുവന്നു. വൈക്കം,ഗുരുവായൂർ പോലുള്ള സത്യാഗ്രഹ സമരങ്ങളിലേക്ക് അത് വളർന്നു. അനാചാരങ്ങൾക്കെതിരായുള്ള വലിയ മുന്നേറ്റമായി ഇത് മാറി. ഭരണസംവിധാനങ്ങൾക്ക് ഇതിന്റെ ആശയങ്ങൾ ഉൾകൊണ്ട് നിയമനിർമാണം നടത്തേണ്ട സ്ഥിതിയും ഉണ്ടായി. ക്ഷേത്ര പ്രേവേശന വിളംബരം ഉൾപ്പെടെയുള്ളവ രൂപപ്പെട്ടുവരുന്നത് ഈ പശ്ചാത്തലത്തിലാണ് .

ജാതീയമായ അവശതകൾക്കെതിരായുള്ള സമരങ്ങളിൽ നിന്ന് ആരംഭിച്ച ജനജീവിതത്തെയാകെ മാറ്റിമറിക്കുന്ന ഒന്നായി നവോത്ഥാനം മാറി.ഉന്നതരെന്നു വിശേഷിപ്പിക്കപെടുന്ന വിഭാഗങ്ങളുടെ ജീവിതത്തെയും ഇതു ജനാധിപത്യവത്കരിച്ചു .വിവാഹം ,ദായക്രമം ,ആചാരങ്ങൾ തുടങ്ങിയവ ഉൾപ്പെടെ മാറ്റങ്ങൾ വരുത്തുകയും ചെയ്തു .അടിച്ചമർത്തപ്പെടുകയും അകത്തളങ്ങളിൽ ഒതുങ്ങിക്കൂട്ടുകയും ചെയ്ത സ്ത്രീകളെ പൊതുധാരയിലേക്കു കൊണ്ടുവരുന്ന ഒന്നായി ഇത് മാറി. സാഹിത്യത്തിലും സംസ്കാരത്തിലും പുതിയ അവബോധത്തിനു ഇത് അടിസ്ഥാനമിട്ടു

**.ഇങ്ങനെ കേരളത്തിലെ എല്ലാ വിഭാഗം ജനതയുടെയും ജീവിതത്തെ ജനാധിപത്യവത്കരിച്ച മുന്നേറ്റമായിരുന്നു നവോത്ഥാനം .**

# പുസ്തകങ്ങൾ



പുസ്തകങ്ങൾ, അത്ഭുതങ്ങളുടെ ലോകം

പുത്തൻ ആശയങ്ങൾ തൻ കൂമ്പാരം

അറിവിൻ വാതായനം തുറന്നിടും

ഇഷ്ട തോഴരാം പുസ്തകങ്ങൾ

ഭാവനകൾ തൻ മാസ്മരികത

തീർത്തിടുന്നു പുസ്തകങ്ങൾ

നല്ല വ്യക്തിത്വവും നല്ല ശീലങ്ങളും

വായന തൻ പ്രതിഫലം

വിജ്ഞാന വിനോദോപാധിയാം

**പുസ്തകങ്ങൾ ..........പുസ്തകങ്ങൾ**

# പരിസ്ഥിതി സംരക്ഷണവും ആധുനിക ജീവിതവും

രാഷ്ട്രീയപ്രബുദ്ധരും സാമൂഹികപ്രവർത്തകരും മുറവിളികൂട്ടുന്ന ഒരു വിഷയമാണ് പരിസ്ഥിതി സംരക്ഷണം . ഈ ബഹളം കാരണം പരിസ്ഥിതി സംരക്ഷണം ഒരു "ഫാഷൻ" ചർച്ചയായി മാറിയ കാലഘട്ടമാണിത് . ബ്ലോക്ക് തലത്തിലോ ജില്ലാപഞ്ചായത്ത് തലത്തിലോ കുറച്ചുപേരെ വിളിച്ചിരുത്തി സത്കരിച്ച് നടത്തുന്ന ഒരു പ്രഹസനം ! പരിസ്ഥിതി ആയതിനാൽ ആരും ചോദ്യം ചെയ്യുകയുമില്ല . എന്താണ് പരിസ്ഥിതിയെന്നോ ചർച്ചയെന്നോ എന്തൊക്കെയാണ്

ചെയ്യേണ്ടതെന്നോ അറിയാതെ, പറയുന്നത് കേട്ട് തലകുലുക്കി സമ്മതിച്ചുപോകുന്ന ഒരു വിഭാഗം ജനങ്ങളുടെ മുമ്പിൽ അധഃപതിച്ചുപോന്ന ഒന്നായി പരിസ്ഥിതി സംരക്ഷണം മാറി .

മനുഷ്യൻ കേവലം ഒരു ജീവിയാണ് . വിശേഷബുദ്ധിയുള്ള ഒരു ജീവി . മനുഷ്യൻ പ്രകൃതിയെ ആശ്രയിച്ചാണ് കഴിയുന്നത് . പ്രകൃതിയിലെ ചൂടും , തണുപ്പും, കാറ്റും ഏൽക്കാതെയും അതുൾക്കൊള്ളാതെയും അവനു പുലരാനേ കഴിയുകയില്ല . എന്നാൽ ആധുനിക ശാസ്ത്രമനുഷ്യൻ പ്രകൃതിയെ വരുതിയിലാക്കി എന്ന് അവകാശപ്പെട്ടു . തണുപ്പിൽനിന്ന് രക്ഷ നേടുവാൻ ചൂടും ചൂടിൽനിന്ന് മോചനത്തിന് തണുപ്പും അവൻ കൃത്രിമമായി ഉണ്ടാക്കി . സമശീതോഷ്ണ മേഖല ചുറ്റും നിലനിർത്താൻ കഴിഞ്ഞു . പക്ഷെ എന്നെങ്കിലും പ്രകൃതിയുമായി ബന്ധപ്പെടുമ്പോൾ – അല്ലാതെ കഴിയുകയില്ല – രോഗങ്ങളെയും പ്രശ്നങ്ങളുടെ കുന്നിനെത്തന്നെയും അവൻ അഭിമുഖീകരിക്കേണ്ടിവരും . അണകെട്ടി വെള്ളം നിറുത്തുകയും അപ്പാർട്മെന്റുകൾ ഉയർത്തി പ്രകൃതിക്കു ഭീഷണി സൃഷ്ടിക്കുകയും വനം വെട്ടി വെളുപ്പിക്കുകയും ചെയ്യുമ്പോൾ പരിസ്ഥിതിക്ക് മാറ്റം വരുകയാണ്. സുനാമി പോലുള്ള വെള്ളപ്പൊക്കവും മണ്ണിടിച്ചിലും , കൊടുങ്കാറ്റും മനുഷ്യൻ അഭിമുഖീകരികേണ്ടി വരുന്നു . അവിടെ പ്രകൃതി മനുഷ്യനെ നിഷ്കരുണം കീഴടക്കുന്നു .

പരിസ്ഥിതിക്ക് ഹാനികരമായ മനുഷ്യന്റെ കർമങ്ങൾ എന്തൊക്കെയാണ് ? നിരവധി രൂപത്തിലുള്ള മലിനീകരണമാണ് ആദ്യത്തേത് . പ്രകൃതിമലിനീകരണം , അന്തരീക്ഷ മലിനീകരണം , ശബ്ദമലിനീകരണം , ജലമലിനീകരണം എല്ലാം ആ വിഭാഗത്തിലാണ് വരുന്നത് .ഭൂമിയിലെ ആവാസവ്യവസ്ഥക്ക് പ്രകൃതി ഒരു ക്രമീകരണം വരുത്തിയിട്ടുണ്ട് . അതിനെ തകിടം മറിക്കുന്ന മലിനീകരണം പരിസ്ഥിതിക്ക് ബാധകമാണ് . പ്ലാസ്റ്റിക് പോലുള്ള ഖരപദാര്ഥങ്ങളും വലിച്ചെറിയുന്ന

ചണ്ടികളും മണ്ണിനെ ദുഷിപ്പിക്കുന്നു . ഇതിൽ പ്രധാനം പ്ലാസ്റ്റിക് തന്നെ . മണ്ണിന്റെ ജൈവഘടനയിൽത്തന്നെ ശക്തമായ മാറ്റം വരുത്താൻ പ്ലാസ്റ്റിസിന് കഴിയും . 'എൻഡോസൾഫാൻ' പോലുള്ള കീടനാശിനികൾ ജലത്തെ ദുഷിപ്പിക്കുന്നു . പ്ലാസ്റ്റിക്കിനു ജലത്തിലെ ഓക്സിജന്റെ അളവിനെ നശിപ്പിക്കാൻ കഴിയും . വൻ വ്യവസായശാലകൾ പുറത്തുവിടുന്ന പുക , അന്തരീക്ഷത്തെ മലിനമാക്കുന്നു . പെട്രോളിയം ഉത്പന്നങ്ങൾ കത്തുമ്പോൾ ഉയരുന്ന വാതകങ്ങൾ ഓസോൺ പാളിക്കു തകരാറുണ്ടാക്കുന്നു . വിള്ളൽ വീണാൽ അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിലേക്ക് കടന്നുവരും , സസ്യങ്ങൾ നശിക്കും . തൊലിപ്പുറത്തുണ്ടാകുന്ന ഒരു തരം ക്യാന്സറിന് കാരണം ആകും.അന്യനക്ഷത്രങ്ങളിൽ നിന്നും ദൂമകേത്തുക്കളിൽനിന്നും വരുന്ന മാരക രശ്മികളെ തടയാൻ ഓസോൺ പാളിക്കു കഴിഞ്ഞില്ലെങ്കിൽ ജൈവഘടനയിൽ മാറ്റം വരും ; രോഗങ്ങൾ പെരുകും . ചിക്കൻഗുനിയ പോലുള്ള രോഗങ്ങൾ കേരളത്തെ ബാധിക്കുന്നത് പരിസ്ഥിതിയിൽ വന്ന തകരാർ മൂലമാണെന്ന് അറിയണം . സമുദ്രത്തിൽ എണ്ണ കലരുന്നതും ജലാശയങ്ങൾ ചുരുങ്ങുന്നതും പരിസ്ഥിതിക്ക് കോട്ടം വരുത്തുന്നതാണ് .

# മഴനൂലുകൾ

സൂര്യ കിരണങ്ങൾ പൊൻവെയിൽ തൂകിയ

മാനത്തെ കാർമുകിൽ മൂടിടുന്നു

മഴയുടെ ദൂതുമായെത്തുന്ന കാറ്റിനു

സമ്മതം മൂളുന്നു മാമരവും

താളമേളങ്ങളായെത്തുന്നയിടിനാദ

മുള്ളിൽ ഭയത്തിന്റെ വിത്തിടുമ്പോൾ

ആനന്ദമേകുന്ന ഗാനമായെത്തുന്നു

വാനിൽ നിന്നോരോമഴത്തുള്ളിയും

വാനിൻകഴുത്തിലെ വെൺമുത്തു കോർത്തൊരു
മാലപോലല്ലയോ നീ വരുമ്പോൾ
ഇത്രമേൽ ചാരുത നൽകുമൊരുമാല
മാനുഷസൃഷ്ടിക്കസാധ്യമല്ലോ

പൊട്ടിവീഴും മഴമുത്തുകൾക്കായിഞാൻ
കൈനീട്ടിമുന്നിലേക്കെത്തിടുമ്പോൾ
കൈക്കുമ്പിളിൽ വന്നു മുത്തമിട്ടിട്ടെന്നോ
ദൂരേയ്ക്ക് നീയങ്ങ് മാഞ്ഞിടുന്നു

ഏത്തടം ദുഃഖത്തിലാണ്ടുപോയിടുമ്പോൾ
വാനിന്റെ കണ്ണുനീരാവുന്നു നീ
മാനസം സന്തോഷപൂരിതമാകുമ്പോൾ
വാനിന്റെ പുഞ്ചിരിയാകുന്നു നീ



# മഴത്തുള്ളി

ഇറ്റിറ്റുവീഴുന്ന തുള്ളിയ്ക്കൊപ്പം

ചാടിക്കളിക്കാൻ എന്തുരസം

ഓളപ്പരപ്പിലെ തുള്ളിക്കൊപ്പം

നീന്തിത്തുടിക്കാൻ എന്തു രസം

കാട്ടിൽ എങ്ങും ഇതു മഞ്ചാടി തുള്ളി

മാമ്പഴകൊമ്പിലോ തേൻ തുള്ളി


ചുറ്റി കളിക്കുന്ന പൂവാലൻ കിളി

തൊട്ടിട്ടോളിക്കുന്നു  മഞ്ഞക്കിളി

ഇറ്റിറ്റു വീഴുന്ന  തുള്ളിയ്ക്കൊപ്പം

ചാടിക്കളിക്കാൻ എന്തുരസം





# രവീന്ദ്രനാഥ ടാഗോർ

ഇന്ത്യയ്ക്ക് ആദ്യമായി നോബൽ സമ്മാനം നേടിക്കൊടുത്ത മഹാകവിയാണ് രവീന്ദ്രനാഥ ടാഗോർ.ഇന്ത്യയുടെ ദേശീയ ഗാനമായ ജനഗണമന രചിച്ചതും ടാഗോർ തന്നെ. നാടകകൃത്ത്, നോവലിസ്റ്റ് ,ചെറുകഥാകൃത്ത്,ഗാനരചയിതാവ്,വിദ്യാഭ്യാസ ചിന്തകൻ തത്വചിന്തകൻ എന്നീ നിലകളിലും അഗ്രഗണ്യൻ ആണ് അദ്ദേഹം.ഗുരുദേവൻ എന്ന കാലത്ത് അറിയപ്പെട്ട അദ്ദേഹം കൽക്കത്തയിലെ ഹൗറാ കോവിൽ 1861 മെയ് ഏഴാം തീയതി ഭൂജാതനായി .

1901 ടാഗോർ ആരംഭിച്ച ശാന്തിനികേതൻ 1998 നോബൽ സമ്മാനം നേടിയ ഡോക്ടർ

റിയാസിനെ പോലുള്ളവരുടെ വിള്ളത്തൊട്ടിൽ ആയിരുന്നു എന്നും പറയാം.ഭാര്യ മകൾ അച്ഛൻ മകൻ എന്നിവരുടെ മരണം തുടരെത്തുടരെ ഏല്പിച്ച വ്യക്തി പരമായ ദുരന്തങ്ങൾ ഏറ്റു വാങ്ങേണ്ടി വന്നെങ്കിലും ശാന്തിനികേതൻ അദ്ദേഹം പരിപോഷിപ്പിച്ചു.

*1941* ആഗസ്റ്റ് *7*ന് ടാഗോർ അന്തരിച്ചു.

# കുഞ്ചൻ നമ്പ്യാരും മലയാളവും




മലയാളസാഹിത്യത്തിന്റെ വരദാനമാണ് കുഞ്ചൻനമ്പ്യാർ . നാടിനുമുമ്പേ നടന്ന മഹാശയൻ. പ്രൗഢ രചനകൾ കൊണ്ട് മലയാളത്തെ സമ്പന്നമാക്കിയ ധിഷണാശാലി .ഫലിത രസികൻ. തുള്ളൽ കലയുടെ ഉപജ്ഞാതാവ്.മലയാള സാഹിത്യത്തിൽ അസാമാന്യമായ ജനപ്രീതി നേടിയ മഹാകവി. ഭാഷയ്ക്കും രചനയ്ക്കും തനതായ ശൈലി പകർന്നുനൽകിയ അത്ഭുത പ്രതിഭാശാലിയായിരുന്നു കുഞ്ചൻ നമ്പ്യാർ.

കവിത നാടിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ശക്തമായ ഉപാധിയാണ് എന്ന് വിശ്വസിച്ച കവിയാണ് നമ്പ്യാർ. നാട്ടിൽ നടമാടുന്ന അരാജകത്വത്തിനും അസഹിഷ്ണുതയ്ക്കും എതിരെ നിൽക്കേണ്ട ഒന്നാണ് കവിത എന്ന് നമ്പ്യാർ വിശ്വസിച്ചു. മുഖത്തുനോക്കി നീ ചെയ്തത് തെറ്റാണെന്ന് പറയാനുള്ള ചങ്കുറ്റം ആണ് തുള്ളലുകളിലൂടെ നമ്പ്യാർ കാണിച്ചത്. പ്രഭുത്വം കൊല്ലും കൊലയും നടത്തി സർവ്വ അധികാരത്തോടെ വാഴുക ആയിരുന്നു അന്ന്. സംസ്കാരത്തിലും കവിതയിലും സാമൂഹിക പ്രതിബദ്ധത കാമ്പായി കരുതിയ നമ്പ്യാർ സമാനതകളില്ലാത്ത കവിയാണ്.

കേരളത്തിലെ ഒരു ദൃശ്യകലയാണ് തുള്ളൽ. എന്നാൽ ഈ ദൃശ്യ കല പൂർണമായും നമ്പ്യാർ നിർമ്മിച്ചതാണെന്ന് വിശ്വാസത്തെ ഇന്ന് പണ്ഡിതന്മാർ ചോദ്യം ചെയ്യുന്നുണ്ട്.പടയണി തുള്ളലും കോലം തുള്ളലും അക്കാലത്തുണ്ടായിരുന്നു . തുള്ളലുകൾ ഏകോപിപ്പിച്ച് താളം, വേഷം, ആവിഷ്കരണ രീതി, എന്നിവയൊക്കെ മാറ്റം വരുത്തി ഒരു പുതിയ കല നമ്പ്യാർ ആവിഷ്കരിച്ചു എന്ന് വിശ്വസിക്കുന്നതാണ് യുക്തം.മൂന്നു തരം തുള്ളലുകൾ ആണുള്ളത്. അത് ഓട്ടൻതുള്ളൽ , ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ.മൂന്നു പേരുകളും എങ്ങനെയുണ്ടായി എന്നതിനെക്കുറിച്ച് വ്യക്തമായ ഒരുത്തരം നൽകാൻ ആവില്ല. ഇതു പോലുള്ള നാടൻ കലകളിൽ വേഷങ്ങളും താളവും എല്ലാം പരിഷ്കരിച്ച് നമ്പ്യാർ തുള്ളൽ എന്ന കലാരൂപം ഉണ്ടാക്കി എന്ന് പറയുന്നതാവും ശരി.അസാധാരണമായ ഒരു കലാരൂപമാണ് തുള്ളൽ. തനിനാടൻ സമ്പ്രദായവും അവതരണവും ആയതിനാൽ ആർക്കും രസിക്കും.മുന്നിലിരുന്നു കല കാണുന്നവരുടെ ഹൃദയ ശുദ്ധിയ്ക്കാണ് പ്രാധാന്യം നൽകുന്നത്. ആര് അധികാര ദൂഷണം നടത്തിയാലും അത് വിളിച്ചുപറയാൻ തുള്ളൽക്കാരന് മടിയില്ല.പാടി കേൾക്കാനും ചൊല്ലി ആടാനും ഉതകുന്നതാണ് തുള്ളൽ കവിതകൾ.ലളിത മധുരമായ കവിത സാധാരണ ജനത്തിനു ഉള്ളതാണ്.

ദൃശ്യകലയുടെ സാഹിത്യം ആണല്ലോ തുള്ളൽ. കേരളീയ പശ്ചാത്തലത്തിലാണ് അദ്ദേഹം തൻറെ കവിതയിൽ ഫലിതം സന്നിവേശിപ്പിച്ചത് .ഫലിതവും പരിഹാസവും വേർതിരിക്കാൻ പ്രയാസമാണ്.നമ്പ്യാർ തനി കേരളീയനാണ്.

താള നിർബന്ധമായിരുന്നു നമ്പ്യാരുടെ ഭാഷ.നമ്പ്യാർ കവിതകളുടെ പഠനം തന്നെ ആഹ്ലാദമാണ്.

# <u>ലഹരി</u>




ലഹരി തൻഅടിമയാം മനുഷ്യാ നീ

അറിയുക നിൻ നാശം

സുബോധവും കുടുംബവും നശിപ്പിക്കും

വിപത്താണ് എന്നോർക്കുക നീ

മദ്യവും മയക്കുമരുന്നും  ലഹരിയും

സാമൂഹിക വിപത്താണ്

മനുഷ്യനെ കാർന്നുതിന്നും

വിഷമാണെന്നോർക്കുക നീ

വ്യക്തിത്ത്വത്തെനശിപ്പിക്കും  ലഹരി

പൈശാചിക  ശക്തിയാണ്

നമുക്കൊന്ന് ചേരാം ലഹരിക്കെതിരായി

മദ്യത്തിനെതിരായി

കുടുംബങ്ങളെ സമൂഹത്തെ  രക്ഷിക്കാൻ

അണിചേരാം ലഹരിക്കെതിരായി

# അമ്മ ദിനം

തികഞ്ഞ കൃത്യനിഷ്ഠക്കാരനായ ഫോൺ കാലത്ത് 5 മണിക്ക് തന്നെ വിളി തുടങ്ങി . കണ്ണ് ബലമായി തുറന്നു' ഉറക്കത്തെ പായിക്കാൻ വാട്ട്സ്ആപ്പിലൂടെ ഒന്നു കണ്ണോടിച്ചു. എല്ലായിടത്തും മാതൃദിനത്തിന്റെ ബഹളം.

മനസിൽ വല്ലാത്ത ഒരു ഭാരം...

റൂം മേറ്റിനെ നോക്കി അവൻ നേരം വെളുക്കുന്നതിന് മുമ്പേ അമ്മയെ വിളിക്കുകയാണ് . മാതൃദിനം ആശംസിക്കാൻ

ഇടയ്ക്ക് എന്നോട് പറഞ്ഞു. "ഒന്നു വിളിക്കെടാ വീട്ടിലേയ്ക്ക്. അമ്മ സന്തോഷിക്കട്ടെ."

2 ദിവസമേ ആയുള്ളു. ഈ ഹോസ്റ്റൽ മുറിയിൽ അവന്റെ ഒപ്പം

താമസിക്കാൻ തുടങ്ങിയിട്ട്. അവനെന്തറിയാം!

കർക്കശക്കാരിയിരുന്നു എന്റെഅമ്മ .പലപ്പോഴും എനിക്ക് അമ്മയുമായി വഴക്കിടേണ്ടി വന്നിട്ടുള്ളതും അതുകൊണ്ടുതന്നെ. അമ്മയുടെ കണ്ണിൽ ഞാനൊരു "കുരുത്തംകെട്ടവൻ " ആയിരുന്നു എങ്കിലും ഞാൻ മിടുക്കനായി തീരുമെന്ന് അമ്മ പ്രത്യാശിച്ചിരുന്നു. കുട്ടിയായിരിക്കുമ്പോൾ കിട്ടേണ്ട സ്വാതന്ത്ര്യം, അതേ ഞാനും ആഗ്രഹിച്ചിരുന്നുള്ളൂ. പലപ്പോഴും എന്നല്ല എല്ലായിപ്പോഴും അത് അമ്മ എനിക്ക് നിഷേധിച്ചിരുന്നു. ഞാനൊരു നിഷേധിയായി മാറാനുള്ള കാരണവും ഒരുപക്ഷേ അതാകാം. എന്റെ കുറുമ്പുകൾ കുറച്ചൊന്നുമല്ല അമ്മയെ ബുദ്ധിമുട്ടിച്ചിരുന്നത്. ചെറുപ്പത്തിൽ ഞാൻ അതൊന്നും മനസ്സിലാക്കിയിരുന്നില്ല .കുറുമ്പ് കാട്ടുന്ന കണ്ണനെ അമ്മ യശോദ ശിക്ഷിച്ചിരുന്നു എങ്കിലും മകനോട് അമ്മയ്ക്ക് വലിയ സ്നേഹമായിരുന്നു എന്നു കാർട്ടൂൺ കണ്ട് ഞാൻ മനസ്സിലാക്കിയിരുന്നു. എങ്കിലും ഓരോ കളിപ്പാട്ടവും എറിഞ്ഞു ഉടയ്ക്കുമ്പോഴും കുസൃതികൾ ആവർത്തിക്കുമ്പോഴും അമ്മ അനിയനേക്കാൾ കൂടുതൽ എന്നെ ശ്രദ്ധിക്കണം എന്ന ചിന്തയായിരുന്നു എന്റെ ഉള്ളിൽ .ഞങ്ങൾ വഴക്ക് കൂടുമ്പോൾ എല്ലാം അമ്മ പറയുമായിരുന്നു "ഞാൻ മടുത്തു. നിങ്ങൾ ഒറ്റയ്ക്ക് ജീവിച്ചോ . ഞാൻ പോവ്വാ'' നിത്യവും ആവർത്തിക്കുന്ന ഈ പല്ലവി ഞാൻ ഗൗനിച്ചതേയില്ല .വൃത്തി കാര്യത്തിലും കർക്കശയായ അമ്മയ്ക്ക് ഓരോ മിനിട്ടിലും ചീത്ത പറയാനുള്ള അവസരം ഞാനും അനിയനും ചേർന്ന് ഉണ്ടാക്കിയിരുന്നു. ചിലപ്പോൾ അരിശം മൂത്ത് കയ്യിൽ കിട്ടുന്ന എന്തും എടുത്തു അടിക്കുമായിരുന്നു. അപ്പോഴൊക്കെ വർദ്ധിച്ച വിരോധത്താൽ " പോടി " എന്നൊരു ആട്ട് ആട്ടി വീട്ടിൽ നിന്ന് ഇറങ്ങി ഓടുകയായിരുന്നു എന്റെ പതിവ്. ഇങ്ങനെയൊക്കെ ആണെങ്കിലും എന്നെ ഒരുപാട് കാര്യങ്ങൾ പഠിപ്പിക്കാൻ അമ്മ ആഗ്രഹിച്ചിരുന്നു .ഞാൻ വരച്ച ചിത്രങ്ങൾ കാണുമ്പോൾ എന്നെ കെട്ടിപ്പിടിച്ച്

മിട്ടുക്കനാണെന്ന് പറയും. പുഴയും അണക്കെട്ടും കടലും റെയിൽവേ സ്റ്റേഷനും കാണിക്കാൻ മക്കളെ കൊണ്ടു പോകണം എന്ന് അച്ഛനോട് ശുപാർശ ചെയ്തിരുന്നത് അമ്മയാണ്. നോട്ടുബുക്കും പെൻസിലും തീരുമ്പോഴും ചെരുപ്പ് പൊട്ടുമ്പോഴും ഉടുപ്പ് ചെറുതാകുമ്പോഴും വാങ്ങാൻ അച്ഛനെ ഓർമ്മിപ്പിച്ചിരുന്നതും അമ്മ തന്നെ. ഞാൻ വളരുമ്പോൾ ആരായി തീരണം എന്നാണ് അമ്മ ആഗ്രഹിച്ചിരുന്നത് എന്ന് അറിയില്ല. എന്നോട് പറയാൻ പലവട്ടം അമ്മ വന്നു കാണും അതിനൊന്നും ഞാനന്ന് ചെവി കൊടുത്തില്ല.

ഞങ്ങൾക്ക് മൊബൈൽ ഫോണ് കൊണ്ടു കളിക്കാനായിരിന്നു ഏറ്റവും ഇഷ്ടം . അമ്മ അത് അനുവദിക്കുമായിരുന്നില്ല. പക്ഷെ സ മ യം കിട്ടുമ്പോഴെല്ലാം അമ്മ അതിൽ തല താഴ്ത്തിയിരിക്കുന്നത് ഞങ്ങളെ കുറച്ചൊന്നുമല്ല പ്രകോപിപ്പിച്ചിരുന്നത്.ഫോട്ടോയും വീഡിയോയും സെൽഫിയുമൊക്കെ അമ്മയുടെ ദൗർബല്യങ്ങളായിരുന്നു. ഒരു പക്ഷേ ജോലിത്തിരക്കിനിടയിൽ ഒരല്പം ആശ്വാസം കണ്ടെത്തിയിരുന്നത് അങ്ങനെയായിരുന്നിരിക്കാം.

ഒരു ദിവസം പുതിയൊരു ഊഞ്ഞാൽ കട്ടിലുമായി അമ്മാവൻ വന്നു. അത് കണ്ടപ്പോൾ അമ്മ പറഞ്ഞു. " ആർക്കാ ഇതിലൊക്കെ ആടാൻ സമയം "

ഞങ്ങൾക്ക് സമയമുണ്ടായിരുന്നു. ഒരു ദിവസം മുകളിൽ ' അടിച്ചുവാരാനായി ചൂലുമായി പോയ അമ്മയുടെ പിറകെ ഞങ്ങളും കൂടി . ഊഞ്ഞാലാടി രസിച്ചിരിക്കെ അമ്മ പറഞ്ഞു " ഒന്നു മാറെടാ ഞാനൊന്നാടട്ടെ." എന്നെ മാറ്റി അമ്മ ഉഞ്ഞാലിൽ ഇരുന്നു. ഞാനും അനിയനും കൂടി അമ്മയെ ഊഞ്ഞാലാട്ടി.ഞങ്ങളെ തൊട്ടിലിൽ കിടത്തി കുറെ ആട്ടിയതാണല്ലോ. കണ്ണടച്ചിരുന്ന് നേർത്ത ശബ്ദത്തിൽ അമ്മ പറഞ്ഞു. "എന്തു സുഖമാ ഇതിലിരിക്കാൻ എല്ലാം മറന്ന്, എല്ലാ ഭാരങ്ങളും ഇറക്കിവെച്ച് ....."

പിന്നീടൊരിക്കൽ കൂടി അമ്മ സമയം കണ്ടെത്തി ഊഞ്ഞാലിൽ ആടാൻ. ഞാനും അനിയനും ഉറങ്ങിപ്പോയിരുന്നു.

രാവിലെ ഞങ്ങളുണർന്നപ്പോൾ അടുക്കളയിൽ വെളിച്ചം കണ്ടില്ല വാതിലും തുറന്നിട്ടില്ല. ഞങ്ങൾ അമ്മയെ തേടി ഊഞ്ഞാലിനരികെയെത്തി . അമ്മ ഊഞ്ഞാലിൽ തന്നെ ഇരിപ്പുണ്ടായിരുന്നു . കൈയിലിരുന്ന ഫോൺ മടിയിൽ വീണു കിടന്നിരുന്നു' . അതിൽ അമ്മ എടുത്ത അവസാനത്തെ സെൽഫി– എല്ലാ ഭാരങ്ങളും അമ്മ ഇറക്കിവെച്ച് ഉറങ്ങി – എന്റെ അമ്മ...... അമ്മ എന്തായിരുന്നിരിക്കും ആഗ്രഹിച്ചത്.....

ഞാൻ ആരായി തീരണം എന്നായിരിക്കും ......

# An unfortunate toiler

……………………………………

I saw ,a weak and weary woman

Struggling to reach near her son

A thin and fatigue lady figure

Crawling to climb up the single stair.

I know her ,years before

When she was studying in class four

Red rose was her cheek then

It has turned to yellow now.

She was the mark of beauty then

She was the sign of prudence then

The judges took her as a base

To give mark to the beauty queens

She started toiling at her teens

For making both ends meet with ease

She had earned nothing but pain

All her efforts were perished as vain

Time has left her skull vacant

Without any thread black or white

As the light was sprayed by the sun
It started shining like a bun

Her hands were too tired to wave
Her eyes were fallen into the grave
Wrinkles on her youthful faceFate has brought it in its pace!
complaints ,never  heard from her lip
Grievance, left along  with her wits
Nobody could ,make out her state,
To hug the death, she waits at the gate
😟

# പച്ചയെ സ്നേഹിച്ച ബഷീർ

കാക്കത്തൊള്ളായിരം ജീവജാലങ്ങളെയും ബഷീർ സ്നേഹിച്ചു . പ്രകൃതിയിലെ ജീവജാലങ്ങളെല്ലാം ഭൂമിയിലെ അവകാശികളാണെന്ന് ബഷീർ ഉറച്ചു വിശ്വസിച്ചു . 1908 ജനുവരി 19 ന് വൈക്കം താലൂക്കിലെ തലയോലപ്പറമ്പിൽ ജനനം .1972 ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. ബഷീർ എന്നും പച്ചയായ മനുഷ്യന്റെ ഉറ്റചങ്ങാതിയായിരുന്നു .മുഖ്യ കൃതികൾ -പാത്തുമ്മായുടെ ആട്, ശബ്ദങ്ങൾ,മതിലുകൾ, ബാല്യകാല സഖി, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു,മുച്ചീട്ടുകളിക്കാരന്റെ മകൾ, സ്ഥലത്തെ പ്രധാന ദിവ്യൻ ,പ്രേമലേഖനം തുടങ്ങിയവയാണ് .1994 ജൂലായ് നാലിന് അന്തരിച്ചു .

# ചിത്രങ്ങൾ




Ram









